സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 32-38

പാലൈ
PALAI பாலை
ISSN No: 3049-0316

# പ്രവാസാവിഷ്കാരം 'പത്തേമാരി'യിൽ



ടെജി കെ. തോമസ്

**സംഗ്രഹം**

ഒരു വ്യക്തി താൻ അതുവരെ ജീവിച്ച ജീവിതപരിസരങ്ങളിൽനിന്നും താല്കാലികമായി വിട്ടുനിൽക്കുന്ന അവസ്ഥയാണ് പ്രവാസം. ജീവിതസങ്കീർണ്ണതകൾക്കുള്ള ഒരു ശാശ്വത പരിഹാരംതേടലാണ് മനുഷ്യനെ പ്രവാസത്തിലേയ്ക്ക് നയിക്കുന്നത്. പ്രവാസം വ്യക്തിയുടെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ അസ്തിത്വത്തിന്റെ അപചയത്തിന് കാരണമാകുന്നു. നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ സ്വയം നഷ്ടപ്പെടുന്നവരാണ് പ്രവാസികൾ. ഇത്തരത്തിൽ ജീവിതത്തിന്റെ മുക്കാൽഭാഗവും പ്രവാസിയായി ജീവിക്കുകയും എന്നാൽ സ്വന്തമായി ഒന്നും നേടാതെ എല്ലാം കുടുംബത്തിനും ബന്ധുക്കൾക്കും നൽകുകയും ഒരു കണക്കും സൂക്ഷിക്കാത്തവനുമായ പള്ളിക്കൽ നാരായണന്റെ ജീവിതത്തെ പ്രമേയമാക്കി സലിം അഹമ്മദ് സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'പത്തേമാരി'. ഈ സിനിമയിലെ പ്രവാസ ആവിഷ്കാരത്തെയും അത് മാനുഷ്യ-സാമൂഹികാവസ്ഥകളിൽ സൃഷ്ടിക്കുന്ന പരിവർത്തനങ്ങളെയുംകുറിച്ച് സിനിമയെ മുൻനിർത്തി അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** കുടുംബം - പ്രവാസം - ജീവിതം - അന്യതാബോധം - ഏകാന്തത - സ്നേഹം

**ആമുഖം**

പ്രവാസം എന്ന പദത്തിന് "വീട് വിട്ടുള്ള പാർപ്പ്, താൽക്കാലിക വിരഹം, സ്വയമേവ വിദേശത്തുപോയി പാർക്കൽ" എന്നും, പ്രവാസിക്ക് "അന്യദിക്കിൽചെന്നു പാർക്കുന്നവൻ" എന്നുമാണ് ശബ്ദതാരാവലി നൽകുന്ന അർത്ഥം. സ്വദേശത്തുനിന്നും ജീവസന്ധാരണാർത്ഥം വിദേശത്തേക്കു പോകുകയും അവിടെ ജീവിതത്തുടർച്ചയുടെ സാധ്യതകളെ കണ്ടെത്തുകയും അവിടെ തങ്ങളുടെ തുടർജീവിതം നയിക്കുകയും ചെയ്യുന്ന അവസ്ഥയാണ് പ്രവാസം. ചരിത്രം പരിശോധിച്ചാൽ മനുഷ്യസംസ്കാരത്തിന്റെ വികാസപരിണാമങ്ങളെ നിർണയിക്കുന്നതിൽ അടിസ്ഥാന പങ്കുവഹിച്ചത് കുടിയേറ്റമാണെന്നു കാണാം. "പ്രവാസം ഒരു സാമൂഹിക യാഥാർത്ഥ്യവും മാനസികാവസ്ഥയുമാണ്. ജന്മദേശത്തുനിന്നും അന്യദേശത്തേക്ക് ജീവിതം പറിച്ചുനട്ടവരുടെ ജീവിതാവസ്ഥയാണ് പ്രവാസം.

* അസി. പ്രൊഫസർ, മലയാള വിഭാഗം, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട
ഫോൺ: 9497546621 Email: tejikthomas20@gmail.com

ജനിച്ച നാട്ടിൽ ഇല്ലാതിരിക്കുക, എത്തിച്ചേർന്ന ദേശത്ത സ്ഥിരമായ ഇടം നേടാൻ കഴിയാതിരിക്കുക ഇത്തരം ഒരു പ്രതിസന്ധിയിലൂടെ സഞ്ചരിക്കുന്നവരാണ് പ്രവാസികൾ" (ടി. മധു: പ്രവാസം കേരളത്തിന്റെ ചരിത്രജീവിതം: 2018). അതുകൊണ്ടുതന്നെ മനുഷ്യപ്രവാസത്തിന് മനുഷ്യചരിത്രത്തോളംതന്നെ പഴക്ക മുണ്ടെന്നു പറയാൻകഴിയും.

ആദിമമനുഷ്യൻ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കുള്ള പ്രയാണത്തിനിടയിൽ ആർജ്ജിക്കുന്ന അറിവനുഭവങ്ങളിലൂടെ അവന്റെ പിൽക്കാലവളർച്ചയെ നിർണയിക്കുകയായിരുന്നു ചെയ്തത്. മനുഷ്യനെപ്പോലെ തന്നെ പക്ഷിമൃഗാദികളും പാരിസ്ഥിതികമായ കുടിയേറ്റത്തിന് വിധേയമാണ്. എന്നാൽ, പ്രവാസം മനുഷ്യനോളം പക്ഷിമൃഗാദികളെ ബാധിക്കുന്നില്ല എന്നതാണ് വാസ്തവം

ഒരാൾ താൻ അതുവരെ ജീവിച്ച പരിതസ്ഥിതിയിൽനിന്ന് അകന്നു നിൽക്കുന്നതാണ് ഒരർത്ഥത്തിൽ പ്രവാസം. ഇത് സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ അസ്തിത്വനഷ്ടത്തിന് അവസരമൊരുക്കുന്നു. ചെന്നുചേരുന്ന സാഹചര്യത്തോട് പൊരുത്തപ്പെടാനാകാതെ വരുകയും ജീവിതം ഭൂതകാലത്തിൽ തളച്ചിടുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നതോടെ വർത്തമാനകാല ജീവിതയാഥാർത്ഥ്യങ്ങൾക്കപ്പുറത്തെ ഗൃഹാതുരത്വത്തിന്റെ സങ്കീർണതകളിൽ മനുഷ്യൻ ആഴ്ന്നുപോകുന്നു. ഇത് മറ്റൊരു ജീവിതാവസ്ഥയിലേക്ക്, ജീവിതദുരന്തത്തിലേക്കുള്ള കാരണമായിത്തീരുന്നു

ഒരു പുതിയ സാമൂഹ്യശാസ്ത്രനിർമ്മിതിയാണ് പ്രവാസം ലോകത്തിന് നൽകുന്നത്. ചിത്രകല, സാഹിത്യം എന്നിവയിൽ ഇതിന്റെ സ്വാധീനം കാണാം. ആദിമമനുഷ്യൻ ജീവിതവൃത്തി തേടിയായിരുന്നു പലായനംചെയ്തതെങ്കിൽ പിൽക്കാലഘട്ടത്തിൽ അത് സുഖഭോഗങ്ങൾക്കും ജീവിത സൗകര്യങ്ങൾക്കും വിദ്യാഭ്യാസ-തൊഴിൽ ആവശ്യങ്ങൾക്കുംവേണ്ടിയായി. നല്ലൊരു നാളെ എന്ന പ്രതീക്ഷയാണ് പ്രവാസജീവിതത്തിന് മനുഷ്യരെ പ്രേരിപ്പിക്കുന്നത്. പക്ഷേ, ആ പ്രതീക്ഷകൾക്ക് ഭംഗംവരാൻ തുടങ്ങുന്നതോടെ മാനസികസംഘർഷങ്ങൾ ഉടലെടുക്കാൻ തുടങ്ങും. ഇത് വളർന്നുവരുന്ന സമൂഹത്തിന് അനുയോജ്യമല്ലാത്ത ഒരു മനുഷ്യനെ സൃഷ്ടിക്കുന്നതിന് സാഹചര്യം ഒരുക്കുന്നു. ഈ അവസ്ഥയാണ് പ്രവാസിയിൽ അന്യതാബോധം ഉണ്ടാക്കുന്നത്. ജീവിതസങ്കീർണതകളാണ് പുതിയ ജീവിതസാഹചര്യങ്ങളെ തേടിയുള്ള പലായനത്തിന് ഒരു മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ഈ മാറ്റം പുതിയ ജീവിതസാഹചര്യത്തോടു പൊരുത്തപ്പെടാനും പഴയതിനെ മാറ്റാനും പ്രേരിപ്പിക്കുന്നു. അപ്പോഴും സഹജമായ വാസനകൾ അവനെ വിട്ടുപോകുന്നില്ല. അതായത്, ഒരു തരത്തിൽ പ്രവാസം ഒരു പറിച്ചു നടലാണ്. എങ്കിലും, ഈ പറിച്ചുനടൽ പ്രക്രിയ അവനിൽ ജന്മനാൽ ആർജ്ജിച്ചെടുത്ത പലതിനും വിരുദ്ധമായ ഒരു ലോകം ഉണ്ടാക്കുന്നു. പ്രവാസജീവിതം ഒരു അന്യതാബോധസൃഷ്ടിക്ക് സാഹചര്യം ഒരുക്കുന്നതിങ്ങനെയാണ്.

വ്യക്തിബന്ധങ്ങളിൽനിന്നും കുടുംബബന്ധങ്ങളിൽനിന്നും അകന്നുപോകേണ്ടിവരുന്ന ഒരു പ്രവാസിയെ സംബന്ധിച്ച് അയാളെ ആരും മനസ്സിലാക്കാത്ത അവസ്ഥ ഉണ്ടായിവരുന്നു. തന്റെ കഠിനാധ്വാനത്തിലൂടെ ജീവിതത്തിലെ കഷ്ടപ്പാടുകളെയും ദുരിതങ്ങളെയും നേരിടുകയും തന്റെ കുടുംബത്തിലുള്ളവരുടെ ജീവിതം ഭംഗിയായി നിലനിർത്തുവാൻ കഠിനമായി പ്രയത്നിക്കുകയും ചെയ്യുന്നവനാണ് ആദ്യകാലങ്ങളിലെ പ്രവാസി. ജന്മനാട്ടിൽ നിലവിലുള്ള വർഗ്ഗപരവും സാമൂഹികവുമായ വ്യത്യാസം തൊഴിൽ തേടിയെത്തുന്ന രാജ്യങ്ങളിലുണ്ടെന്ന സത്യം പ്രവാസി ഒരിക്കലും ആരോടും വെളിപ്പെടുത്താൻ ശ്രമിക്കുന്നില്ല. ആരോഗ്യപരമായും സാമ്പത്തികമായും ഏറെ ദുരിതങ്ങളെയും ദുരന്തങ്ങളെയും നേരിടേണ്ടി വരുമ്പോഴും തന്റെ ഉറ്റവരെയും ഉടയവരെയും അത് അയാൾ അറിയിക്കാൻ ശ്രമിക്കുന്നില്ല എന്നതാണ് സത്യം. സ്വന്തം നാട്ടിൽ തിരിച്ചെത്തുമ്പോൾ ആഡംബര പൂർണമായി തന്നെ പണം ചെലവഴിക്കുന്നു. ബന്ധങ്ങളെ ചേർത്തുവയ്ക്കാനുള്ള അവസരമായി അതിനെ മാറ്റിയെടുക്കുന്നു. തനിക്ക് കുറച്ചുകാലം നഷ്ടപ്പെട്ട സാമൂഹികജീവിതാവസ്ഥയെ തിരിച്ചുപിടിക്കുവാനോ അതിലേക്ക് എത്താനുള്ള ഒരു ശ്രമം കൂടിയായോ ഇതിനെ കാണാം. ജന്മനാട്ടിൽ സ്വന്തമായി ഒരുപിടി മണ്ണും ഒരു വീടും അകമേ സ്വപ്നംകണ്ട് കത്തുന്ന വെയിലിൽനിന്ന് സ്വയം കത്തിയെരിയുന്നവരാണ് പ്രവാസികൾ. കുടുംബത്തിനു വേണ്ടി സ്വയം നഷ്ടപ്പെടുത്തുന്നവർ. സ്വന്തം ആരോഗ്യാവസ്ഥകളെ അവഗണിച്ച് കുടുംബവും കുട്ടികളും അവരുടെ ഭാവിയുമൊക്കെ മുന്നിൽകണ്ട് ജീവിക്കുമ്പോൾ എല്ലാം അവസാനിപ്പിച്ച് മടങ്ങണം എന്ന ചിന്തയെ മനപ്പൂർവ്വം ഒഴിവാക്കുകയോ മറന്നു കളയുകയോ ചെയ്യുന്നു. നാട്ടിൽവന്ന് കുടുംബത്തോടൊപ്പം ജീവിച്ചു മരിക്കണമെന്ന് ആഗ്രഹിച്ചവരിൽ പലരും ശവപ്പെട്ടികളിൽ മടക്കയാത്രചെയ്യുന്നു. ഒറ്റമുറികളിൽ

 ISSN No: 3049-0316


ജീവിച്ച് ഭക്ഷണം ചുരുക്കി എല്ലാ പൈസയും കൂട്ടിവച്ചും കടംവാങ്ങിയും സ്വന്തം വീട്ടിലേക്ക് കൊടുക്കുന്നവർ. ഒരു ശരാശരി പ്രവാസിയുടെ സങ്കടങ്ങളും അവരുടെ ആശ്രിതരുടെ ആവശ്യങ്ങളും ഒന്നുതന്നെയാണ്.

ജീവിതത്തിൽ കണക്ക് സൂക്ഷിക്കാൻ മറന്നുപോകുന്നവരാണ് പ്രവാസികൾ. പക്ഷേ, അവരെ കാത്തിരിക്കുന്നത് കണക്കുപറച്ചിലുകൾ ആണെന്നത് അറിയാതെ പോകുന്നു. പണമാണ് ബന്ധങ്ങളെ നിർണയിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നതെന്ന ജീവിതസത്യത്തെ അവർ പലപ്പോഴും തിരിച്ചറിയാതെ പോകുന്നു.

## പ്രവാസം മലയാള സിനിമയിൽ

മലയാള സിനിമ പ്രവാസജീവിതത്തിന്റെ അടയാളപ്പെടുത്തലുകൾക്ക് തുടക്കം കുറിക്കുന്നത് 1980 കളിലാണ്. എം. ടി വാസുദേവൻ നായരുടെ കഥയിൽ ചിത്രീകരിച്ച 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ ' എന്ന സിനിമ പ്രവാസത്തെ ഊന്നുന്നില്ല. പക്ഷേ, ദുബായ് എന്ന കേട്ടറിവിനെ തിരശ്ശീലയിൽ കാണാൻ ഈ സിനിമ അവസരം ഒരുക്കുന്നുണ്ട്. പത്തേമാരിയിൽ ആഴക്കടലിനെയും പ്രതികൂലകാലാവസ്ഥകളെയും തരണംചെയ്ത് സ്വപ്നഭൂമിയിലെത്തി അവിടുത്തെ ചൂടിലും കഷ്ടപ്പാടിലും ജീവിതം ജീവിച്ചുതീർക്കുന്നവരുടെ നേർക്കാഴ്ച സിനിമയിലൂടെ പ്രേക്ഷകരിൽ എത്തിച്ചു. ഗൾഫ് എന്ന സ്വപ്നരാജ്യവും അവിടെ നിന്ന് മടങ്ങി വന്നവരോടുള്ള നാട്ടുകാരുടെ സമീപനവും എല്ലാം സിനിമയെ സമ്പന്നമാക്കുന്നു. ഇതിനെ തുടർന്നാണ് ഐ.വി. ശശി സംവിധാനം ചെയ്ത 'ഈ നാട് ' 1982 ൽ പുറത്തിറങ്ങുന്നത്. ഗൾഫുകാരന്റെ ബന്ധുക്കളുടെ ജീവിതാവസ്ഥകളിൽ വരുന്ന ആഡംബരത്തെയും മക്കളുടെ ഉയർച്ചയോടൊപ്പം തഴയപ്പെട്ടുപോകുന്ന മാതാപിതാക്കളെയും അവരുടെ ജീവിതദൈന്യതകളെയും ഈ സിനിമ വിഷയവല്ക്കരിച്ചിരിക്കുന്നു. ബാലു കിരിയത്ത് സംവിധാനം ചെയ്ത 'വിസ' എന്ന സിനിമ 1983 ലാണ് പുറത്തിറങ്ങുന്നത്. ഗൾഫ് പ്രവാസത്തിന്റെ മറ്റൊരു മുഖത്തെയാണ് ഈ സിനിമ അനാവരണം ചെയ്യു ന്നത്. ആദ്യകാലത്ത് ബോംബെ വഴിയാണ് ഗൾഫിലേക്കുള്ള യാത്ര. ബോംബെയിൽ എത്തുന്നവർ പലപ്പോഴും വിസതട്ടിപ്പിന് ഇരയാകുന്ന അവസ്ഥയുണ്ടായിരുന്നു. അക്കാലത്ത് ഇത്തരം സംഭവങ്ങൾ ചെറുപ്പക്കാരുടെ ഗൾഫ് എന്ന സ്വപ്നത്തെ തച്ചുടയ്ക്കുന്നതായിരുന്നു. വിസതട്ടിപ്പിലൂടെ പണവും സ്വപ്നങ്ങളുമെല്ലാം നഷ്ടപ്പെട്ട് ജീവിതംതന്നെ അർത്ഥശൂന്യമായി നിരാശയുടെ പടുകുഴിയിലേക്ക് കൂപ്പുകുത്തുന്ന യുവത്വങ്ങൾ. ഈ ചിത്രത്തിന്റെ പ്രമേയം അതുകൊണ്ടുതന്നെ അക്കാലഘട്ടത്തിൽ അത്രമേൽ പ്രസക്തമായിരുന്നു. 1984 ൽ കെ.എൻ. ശശിധരൻ സംവിധാനം ചെയ്ത 'അക്കരെ' എന്ന സിനിമ പ്രവാസത്തിന്റെ വേറിട്ട ഒരു മുഖത്തെയാണ് പ്രമേയവൽക്കരിച്ചത്. ഗൾഫുകാരനായി ജീവിക്കാൻ മോഹിക്കുന്ന സർക്കാർ ജീവനക്കാരന്റെയും അയാളുടെ ഭാര്യയുടെയും കഥയാണ് ഈ സിനിമ. ഗൾഫുകാരനാവുക എന്നത് സർക്കാർ ഉദ്യോഗത്തേക്കാൾ മികവുറ്റതാണെന്ന ധരണയിൽ നിന്നുണ്ടായ ഭ്രമവും ആഗ്രഹവും ഒക്കെ ഈ സിനിമ കൈകാര്യം ചെയ്തിരിക്കുന്നു. 1985ൽ പുറത്തിറങ്ങിയ 'അക്കരെനിന്നൊരു മാരൻ' എന്ന സിനിമ ഗൾഫുകാരനാകുന്നതോടെ സമൂഹത്തിൽ അയാൾക്ക് അതുവരെ ഇല്ലാതിരുന്ന സ്വീകാര്യതയും സ്നേഹവുമെല്ലാം നൽകുന്ന സമൂഹത്തിന്റെ അവസരവാദമുഖത്തെ അനാവരണംചെയ്യുന്നു. അടിസ്ഥാനപരമായി സമൂഹത്തിന്റെ നിലപാടുകളെക്കുറിച്ചും നിലപാടില്ലായ്മകളെയും തുറന്നുകാട്ടുന്നു. പണമാണ് എല്ലാത്തിന്റെയും മാനദണ്ഡം. അതിന്റെ വർദ്ധനയ്ക്കനുസരിച്ചും ഇല്ലായ്മയ്ക്കനുസരിച്ചും സമൂഹത്തിന്റെ സമീപനത്തിൽ വരുന്ന മാറ്റങ്ങളെ ഈ സിനിമ ദൃശ്യവത്കരിക്കുന്നു. തുടർന്ന് 1989 ൽ പുറത്തിറങ്ങിയ 'നാടോടിക്കാറ്റ്'' മലയാളികൾ അത്രമേൽ സ്വീകരിച്ച സിനിമയാണ്. ദുബായ് സ്വപ്നംകണ്ടുനടന്ന യുവാക്കളെ മദ്രാസിൽ വച്ച് ഇറക്കിവിട്ട് കബളിപ്പിക്കുന്ന കഥ. ഏറെ ഹാസ്യവൽക്കരിക്കുമ്പോഴും ജീവിതയാഥാർത്ഥ്യങ്ങളുടെ നെരിപ്പോട് നെഞ്ചിൽ ചുമന്ന് സ്വന്തം നിലനിൽപ്പിനായി പോരാടുന്നവരുടെ ജീവിതത്തിന്റെ നേർക്കാഴ്ചകളെ സിനിമ വിഷയവൽക്കരിച്ചിരിക്കുന്നു. 'വരവേൽപ്പ്' എന്ന സിനിമ പ്രവാസം മതിയാക്കി സ്വന്തം നാട്ടിലേക്ക് ഏറെ പ്രതീക്ഷയോടെ വരുന്നയാൾക്ക് നേരിടേണ്ടിവരുന്ന ദുരവസ്ഥകളെയും ചൂണ്ടിക്കാണിക്കുന്നു. വീടും നാടും സൗഹൃദങ്ങളുമെല്ലാം എത്രമാത്രം അപരിചിതമായും ക്രൂരമായുമാണ് അയാളെ വരവേൽക്കുന്നത് എന്നതിന്റെ നേർചിത്രണമാണ് 'വരവേൽപ്പ്' എന്ന സിനിമ. ഒടുവിൽ സ്വന്തം നാടും വീടും വീട്ടുകാരെയും മടുത്ത് മരുഭൂമിയിലേക്കുതന്നെ തിരിച്ചുപോകുകയാണ് കഥാനായകൻ.

1998 ൽ പുറത്തിറങ്ങിയ 'കല്ലു കൊണ്ടൊരു പെണ്ണ്'' എന്ന സിനിമ പെൺ പ്രവാസത്തെയാണ് വിഷയവൽക്കരിച്ചിരിക്കുന്നത്. നേഴ്സ് ജോലിക്ക് ഗൾഫിൽ ജോലിസാധ്യത കൂടുതലാണ്. കുടുംബം പോറ്റാൻ പ്രവാസം തെരഞ്ഞെടുക്കുന്ന പെണ്ണിനെ പലപ്പോഴും കുടുംബം തന്നെയാണ് ഒറ്റപ്പെടുത്തുന്നതും

അവഗണിക്കുന്നതും. അപമാനവും അന്യവൽക്കരണവുമാണ് അവൾക്ക് ശിഷ്ടജീവിതം നൽകുന്നതെന്ന് അവൾ അറിയാതെ പോകുന്നു. എങ്കിലും സ്വന്തം കുടുംബവും ബന്ധങ്ങളെയും നിലനിർത്തുന്നതിന് സ്വന്തം ജീവിതത്തെ തന്നെ സമർപ്പിക്കുന്ന ഒരു സ്ത്രീയുടെ ജീവിതത്തെയാണ് ഈ സിനിമ പ്രത്യക്ഷീകരിക്കുന്നത്. 1999 ൽ പുറത്തിറങ്ങിയ 'ഘർഷോം' എന്ന സിനിമ ഒരു പ്രവാസിയുടെ ആത്മസംഘർഷങ്ങളെയാണ് വിഷയവൽക്കരിച്ചിരിക്കുന്നത്. പ്രവാസം മതിയാക്കി തിരി ച്ചെത്തിയ തന്റെ ഭർത്താവ് ഇനി മടങ്ങിപ്പോകുന്നില്ല എന്ന തിരിച്ചറിവ് ഭാര്യയിൽ സന്തോഷം ഉളവാക്കുന്നില്ല. ജീവിതം പലർക്കും സമ്പന്നതയുടെയും സുഖലോലുപതയുടെയുമല്ല. മറിച്ച്, തീവ്രമായ ജീവിതാനുഭവങ്ങളുടേതാണ്എന്ന യാഥാർത്ഥ്യത്തെ കുടുംബത്തിലുള്ളവർ അറിയാതെ പോകുന്നു. സ്വന്തം കുടുംബത്തിന്റെ നിലനില്പിനായി പച്ചപ്പുതേടി പോയി, ഒരിറ്റ് സ്നേഹവും കരുതലും പരിഗണനയും മോഹിച്ചുവരുന്ന പ്രവാസിയുടെ മാനസികാവസ്ഥകളെ കുടുംബത്തിലുള്ളവർപോലും മനസ്സിലാക്കുന്നില്ല എന്ന സത്യത്തെ സിനിമ തുറന്നുകാണിക്കുന്നു. തുടർന്ന് 2004ൽ കമൽ സംവിധാനംചെയ്ത 'പെരുമഴക്കാലം' എന്ന സിനിമ ഗൾഫ് ജീവിതത്തിന്റെ മറ്റൊരു മുഖത്തെയാണ് വിഷയമാക്കിയിരിക്കുന്നത്. അറിയാതെ ചെയ്തുപോയ ഒരു കൊലപാതകം, മനപ്പൂർവ്വമല്ലെങ്കിൽ പോലും ഗൾഫ് രാജ്യത്തെ സംബന്ധിച്ച് വധശിക്ഷ യ്ക്കാണ് വിധിക്കപ്പെട്ടത്. ജയിലിൽ കഴിയുന്ന ഒരുവന്റെയും അവന്റെ കുടുംബത്തിന്റെയും കൊല്ലപ്പെട്ടവന്റെ കുടുംബത്തിന്റെയും മാനസികാവസ്ഥകളെയാണ് സിനിമ അടയാളപ്പെടുത്തുന്നത്. അറിഞ്ഞുകൊണ്ടോ അറിയാതെയോ ചെയ്തതെങ്കിലും കൊലപാതകം ഒരു കൊലപാതകം തന്നെയാണ്. മരണപ്പെട്ടവന്റെ കുടുംബം കൊലചെയ്തവന് മാപ്പു നൽകുന്നതിലൂടെ മാത്രം കൊലചെയ്തവൻ കുറ്റവിമുക്തനാകുന്നുവെന്ന നിയമത്തെ (ശരീയത്ത്) ഏറെ ഭയത്തോടെ കാണുന്നവനാണ് പ്രവാസി.

2019 ൽ പുറത്തിറങ്ങിയ 'ഗദ്ദാമ' എന്ന സിനിമ ഗൾഫിൽ അറബികളുടെ വീട്ടുജോലിക്കായി പോകുന്ന സ്ത്രീകളുടെ ജീവിതദുരന്തങ്ങളുടെ നേർമുഖത്തെയാണ് പ്രമേയമാക്കിയിരിക്കുന്നത്. ഒരുതരത്തിലുള്ള സുരക്ഷിതത്വവും ഇല്ലാത്ത സാഹചര്യത്തിൽപോലും ജീവിതത്തിൽ പച്ചത്തുരുത്തിനെ പ്രതീക്ഷിക്കുന്ന സ്ത്രീ ജീവിതങ്ങളുടെ നേർക്കാഴ്ച. 2012 പുറത്തിറങ്ങിയ 'ഡയമണ്ട് നെക്ലസ് ' ഗൾഫിലെ ഹൈ ക്ലാസ് ജീവിതത്തിന്റെ നേർചിത്രമാണ്. സ്വന്തം ജീവിതസുഖവും ആർഭാടങ്ങളും തേടി പോകുന്നവർ ഉണ്ടാക്കുന്ന, അവർക്ക് അനുഭവിക്കേണ്ടിവരുന്ന സാമ്പത്തിക പ്രശ്നങ്ങളെ സിനിമ പ്രമേയവൽക്കരിച്ചിരിക്കുന്നു. 2017 ൽ പുറത്തിറങ്ങിയ 'ടേക്ക് ഓഫ് ' ഇറാക്കിൽ നേഴ്സുമാർ അനുഭവിക്കുന്ന ദുരന്തങ്ങളെ കാണിച്ചുതരുന്ന ഒരു ചിത്രമാണ്. ഒപ്പം കലാപങ്ങളുടെയും യുദ്ധങ്ങളുടെയും ദുരന്തമുഖങ്ങൾ മാനവരാശിയെ തകർക്കുന്നതിന്റെ കാഴ്ചയെ പങ്കുവയ്ക്കുന്നു. മറ്റ് പല മലയാള സിനിമകളിലും പ്രവാസജീവിതത്തിന്റെ വിവിധമുഖങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്നുണ്ട്.

## പ്രവാസം പത്തേമാരിയിൽ

1980 കളിലെ ഗൾഫ് ജീവിതത്തിന്റെ നേർക്കാഴ്ചകളെയും നാട്ടിലെ അവരുടെ കുടുംബത്തിന്റെ പ്രതീക്ഷകളെയും സ്വപ്നങ്ങളെയും തീക്ഷ്ണതയോടെ അവതരിപ്പിച്ച സലിം അഹമ്മദിന്റെ ചിത്രമാണ് 'പത്തേമാരി'. ഗൾഫിലെ കത്തുന്ന വെയിലിൽ പിന്നെയും നിന്ന് കത്തിത്തീർന്ന പള്ളിക്കൽ നാരായണൻ എന്ന കഥാപാത്രത്തിലൂടെ മലയാളികളുടെ പ്രവാസജീവിതത്തിന്റെ നേർക്കാഴ്ചകളാണ് തിരശ്ശീലയിൽ സാക്ഷാത്ക്കരിച്ചത്. കഥയിലെ പള്ളിക്കൽ നാരായണൻ ഒരു വ്യക്തിയല്ല, ഓരോ പ്രവാസിയിലും ഒരു പള്ളിക്കൽ നാരായണനെ കണ്ടെത്താൻ കഴിയും. മെച്ചപ്പെട്ട ജീവിതസാഹചര്യം എന്ന സ്വപ്ന സാക്ഷാത്കാരത്തിനായി സ്വന്തം നാടും വീടും വിട്ട് പത്തേമാരിയിൽ ഇറങ്ങിത്തിരിക്കുമ്പോൾ തിരിച്ച് നാട്ടിലെത്താമെന്നോ ഗൾഫിൽ എത്തിച്ചേരാമെന്നോ ഒരുറപ്പുമില്ല. എങ്കിലും, അവിടെ എത്തിയാൽ ഒരു കുടുംബം രക്ഷപ്പെടും എന്നതിലാണ് പ്രതീക്ഷ. ഒരപകടവും പറ്റാതെ അവിടെ എത്താൻ നേർച്ച (കുത്ത്റാത്തീവ്) നടത്തുന്നവരും ഉണ്ട്. മൊയ്തീന്റെ എളാപ്പ ഗൾഫിലേക്ക് പോകുന്നതിനാണ് കുത്ത് റാത്തീബ് നടത്തുന്നത്. ലാഞ്ച് വേലായുധൻ എന്ന കഥാപാത്രം തന്റെ ജീവിതപരിചയത്തിൽ നിന്നുകൊണ്ട് പത്തേമാരിയിൽ ഗൾഫിലേക്കുള്ള യാത്രയെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ് "ചേറ്റുവ പള്ളിയിൽ നേർച്ച കൂടാൻ പോകുകയല്ല, ദിവസങ്ങളോളം യാത്രയാണ്. അത് ചിലപ്പോൾ മാസങ്ങളോളം ആവും, ചിലപ്പോൾ എത്തിയെന്നും വരില്ല". എത്തിച്ചേരുമെന്ന് യാതൊരു ഉറപ്പില്ലെങ്കിലും യാത്രപുറപ്പെടുകയാണ് നാരായണൻ. അച്ഛനും അമ്മയും ചേട്ടനും മൂന്ന് സഹോദരികളുമടങ്ങുന്ന കുടുംബത്തെ മാത്രമാണ് അയാൾ അപ്പോൾ ഓർക്കുന്നത്. ഒരിക്കലും തന്നെക്കുറിച്ചോ തന്റെ ജീവിത സുരക്ഷയെക്കുറിച്ചോ അയാൾ ചിന്തിക്കുന്നില്ല. "വീട്ടിലെ പട്ടിണി മാറ്റാൻപറ്റുമെങ്കിൽ, കൂടപ്പിറപ്പുകൾക്ക്

 ISSN No: 3049-0316 

ഒരു ജീവിതംകൊടുക്കാൻ പറ്റുമെങ്കിൽ ഈ കടലുകടക്കാൻ ഞങ്ങൾ തയ്യാറാണ്" എന്ന് നാരായണനും തന്റെ സുഹൃത്തും ഒരേസ്വരത്തിൽ പറയുന്നതിന് അടിസ്ഥാനം അവരുടെ ജീവിതസാഹചര്യങ്ങൾ തന്നെയാണ് എന്ന കാര്യം വ്യക്തമാണ്. സ്വന്തം ജീവിതത്തെക്കുറിച്ചുള്ള ചിന്തയുടെ ഒരു ചെറിയ ലാഞ്ചനപോലും അതിൽ കണ്ടെത്താൻ കഴിയില്ല. ജീവിതത്തിൽ തന്റെ തീരുമാനത്തെ പ്രതി ദുഃഖിക്കേണ്ടിവരുമെന്ന് നാരായണൻ ഒരിക്കലും ചിന്തിക്കുന്നുമില്ല. വെയിലും മഴയും തിരയും കാറ്റും മുറിച്ചുകടന്ന് താൻ എത്തിച്ചേരുന്നിടത്ത് തന്റെ ജീവിതത്തെക്കാൾ, തന്നെ ആശ്രയിക്കുന്നവരുടെ ജീവിതം സുരക്ഷിതമാക്കാൻ കഴിയും എന്ന ശുഭപ്രതീക്ഷയാണ് അയാളെ ശക്തനാക്കുന്നതും മുന്നോട്ട് നയിക്കുന്നതും. ഓരോ തവണ നാട്ടിൽ വരുമ്പോഴും ഇനിയൊരു  തിരിച്ചുപോക്കില്ലെന്ന് പറയുമ്പോഴും ജീവിതം പിന്നെയും അതാവശ്യപ്പെടുകയാണ്. അങ്ങനെ ജീവിതത്തിന്റെ മുക്കാൽപങ്കും പ്രവാസിയായി ജീവിക്കേണ്ടി വരികയും ഒരു കണക്കുപോലും സൂക്ഷിക്കാതെ മടങ്ങിവരുന്ന പ്രവാസിക്ക് മുന്നിൽ ഒരുപാട് കണക്കുപുസ്തകങ്ങൾ നിരത്തിവയ്ക്കുന്ന കുടുംബത്തെയും ബന്ധുക്കളെയുമാണ് കാണാൻ സാധിക്കുന്നത്. ഒരിക്കലും കണക്കുസൂക്ഷിക്കാത്തവനാണ് പ്രവാസി. പക്ഷേ, നഷ്ടങ്ങളുടെ കണക്ക് അവനെ തേടിയെത്തുന്നതിന്റെ നേർചിത്രം പത്തേമാരിയിൽ കാണാൻ കഴിയുന്നുണ്ട്. അമ്പതുവർഷത്തെ പ്രവാസജീവിതത്തിൽ ഉരുകിത്തീർന്ന നാരായണനു മുന്നിലും കണക്കുകളുടെയും കടങ്ങളുടെയും ഒരു നീണ്ട പുസ്തകം തന്നെ നിരത്തിവയ്ക്കുന്നുണ്ട്. തന്നെ കാണാനായി ആഗ്രഹിച്ചിരുന്ന ഭാര്യ താൻ ഇനി ഗൾഫിലേക്ക് മടങ്ങുന്നില്ല എന്നറിയുമ്പോൾ ഗൾഫുകാരന്റെ ഭാര്യ എന്ന സ്ഥാനം പോകുന്നതിനെ ചൊല്ലി വിഷമിക്കുന്നുണ്ട്. "ഇത്രയുംനാൾ ഗൾഫുകാരന്റെ ഭാര്യയാണെന്ന് പറയാമായിരുന്നു, ഇനി അതുമില്ല" എന്ന ഭാര്യയുടെ വാക്കുകൾ അയാളിൽ ഒരു അന്യതാബോധം ഉണർത്തുന്നുണ്ട്. തന്നെ കാണാൻ കാത്തുകാത്തിരുന്ന ഭാര്യയിൽനിന്നുതന്നെയാണോ ഇത് കേൾക്കുന്നത് എന്ന ആശങ്കയോടെ അയാൾ ഭാര്യയെ നോക്കുമ്പോൾ അവർ അത് തിരുത്തി പറയുന്നുണ്ട്. മുൻപ് ഭാര്യ സ്വന്തം ഏകാന്തതയെക്കുറിച്ച് പറയു മ്പോൾ താനല്ലേ 'ഏകൻ', നിനക്ക് ഇവിടെ ഇവരൊക്കെ ഇല്ലേ എന്ന നാരായണന്റെ ചോദ്യത്തിൽ ഒരു പ്രവാസി അനുഭവിക്കുന്ന ഒറ്റപ്പെടലുകളുടെ തീവ്രമായ ഒരു ചിത്രം പങ്കുവെക്കുന്നുണ്ട്. സ്വന്തം ജീവിതം കൺമുന്നിലൂടെ ഊർന്നിറങ്ങിപ്പോകുന്നത് നിസ്സഹായതയോടെ നോക്കിനിൽക്കുമ്പോഴും അത് തന്റെ ഉറ്റവർക്കും ഉടയവർക്കും വേണ്ടിയാണല്ലോ എന്നാണ് ഒരു പ്രവാസി ചിന്തിക്കുന്നത്. ഓരോ കത്തുകളിലും ആവശ്യങ്ങളുടെയും പരാതികളുടെയും നീണ്ടനിര തന്നെയുണ്ടാകും. "നാട്ടിൽനിന്ന് വരുന്ന കത്തുകളിലെ പേരുകളിൽ മാത്രമേ മാറ്റമുള്ളൂ ബാക്കിയെല്ലാം ഒന്നുതന്നെ" എന്ന മൊയ്തീന്റെ പറച്ചിലിൽ പ്രവാസം ഭാഷകൾക്കും ദേശത്തിനും അപ്പുറത്ത് മാനവരാശിയെ ഒരുപോലെ ബാധിക്കുന്ന ഒന്നാണെന്ന് സിനിമ സ്ഥാപിച്ചെടുക്കുന്നുണ്ട്.

നാരായണൻ നാട്ടിലേക്ക് പുറപ്പെടുവാൻ ഒരുങ്ങുന്നിടത്ത് ഒറ്റമുറിയിലെ സഹവാസികൾ  പലരും കത്തുകളും മറ്റു പലവസ്തുക്കളും കൊടുത്തുവിടുന്നുണ്ട്. അതിനിടയിൽ ഒരു സുഹൃത്ത് ചോദിക്കുന്നുണ്ട് 'കൂളിംഗ് ഗ്ലാസ്' വേണ്ടേ എന്ന്. "ഇതൊക്കെ വച്ച് നാട്ടിലൂടെ നടക്കുമ്പോൾ നാട്ടുകാരുടെ വിചാരം ഇരുപത്തിനാലുമണിക്കൂറും ഇതൊക്കെയായിട്ടാണ് നമ്മളെല്ലാം ഇവിടെയും ജീവിക്കുന്നതെന്ന്. അവർക്കറിയില്ലല്ലോ നാടുവിട്ടതിനു ശേഷം നേട്ടങ്ങളെ ഉള്ളൂ എന്ന് അവരെ ബോധിപ്പിക്കാനുള്ള ഒരു തത്രപ്പാടാണിതെന്ന്. ഒരുതരം പകപോക്കൽ"- ഈ വാക്കുകളിൽ ആത്മസംതൃപ്തിയേക്കാൾ കുടുംബ ത്തിന്റെ സമാധാനത്തിനും സന്തോഷത്തിനുമാണ് ഓരോ പ്രവാസിയും മുൻതൂക്കം കൊടുക്കുന്നതെന്ന് കാണാൻകഴിയും.  ഒരുകാലത്തും തിരിച്ചറിയപ്പെടാതെ പോകുന്ന മനസ്സിന്റെ ഉടമകളാണ് പ്രവാസികൾ.

ലക്ഷങ്ങൾ വിലമതിക്കുന്ന സാധനസാമഗ്രികൾ കൊണ്ടുവരുന്നവരെ വെറുതെവിടുകയും ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെട്ട് വിയർപ്പിൽ കുതിർന്നവന്റെ അധ്വാനത്തെ പരിശോധിച്ച് അവരിൽനിന്ന് അന്യായമായി പണം പറ്റുന്ന എയർപോർട്ട്  ഉദ്യോഗസ്ഥൻ ചൂഷണം ചെയ്യപ്പെടുന്ന പ്രവാസത്തിന്റെ മറ്റൊരു മുഖത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. വീട്ടിലെത്തി പിസ്ത എല്ലാവർക്കും പങ്കുവെച്ചു കൊടുക്കുന്ന സഹോദരി നാരായണന് കൊടുക്കാൻ പറയുന്ന അമ്മയോട് ഇപ്രകാരം പറയുന്നുണ്ട് "ചേട്ടന് എന്തിനാണെന്ന് ഇതൊക്കെ? ഏട്ടൻ 24 മണിക്കൂറും ഇതൊക്കെ തന്നെയല്ലേ തിന്നുന്നത്". ഒരു പ്രവാസിയുടെ ജീവിതയാഥാർത്ഥ്യങ്ങളെ സ്വന്തം കുടുംബത്തിലുള്ളവർ പോലും അറിയാൻ ശ്രമിക്കുന്നില്ല, അയാൾ അറിയിക്കാനും ശ്രമിക്കുന്നില്ല. പ്രവാസിയുടെ വരവിനെ അത്രമേൽ ആഘോഷമാക്കുന്ന കുടുംബം ഓരോരുത്തർക്കും കൊടുക്കേണ്ട സാധനങ്ങളെക്കുറിച്ചും വസ്തുക്കളെ കുറിച്ചുമൊക്കെ കൃത്യമായി പറയുമ്പോഴും അയാളുടെ ഭാര്യയ്ക്കു കൊടുക്കുന്നതിനെക്കുറിച്ച് അമ്മയോ മറ്റു

ISSN No: 3049-0316


ബന്ധുക്കളോ ഒന്നുംപറയുന്നില്ല. അതുകൊണ്ടാകണം നൗഷാദ് കൊടുങ്ങല്ലൂർ എന്ന വ്യാജപേരിൽ തന്റെ ഭാര്യയ്ക്ക് ആവശ്യമുള്ളതെല്ലാം കൊണ്ടുവരുന്നത്.

മടക്കയാത്രയ്ക്കൊരുങ്ങുമ്പോൾ "ഇഷ്ടമുണ്ടായിട്ടല്ല മടങ്ങിപ്പോകുന്നത്. അറക്കാൻ കൊണ്ടുപോകുന്ന മാടിന്റെ മനസ്സാണ് മടങ്ങിപ്പോകുമ്പോൾ" എന്നും, അന്നരാത്രി അമ്മയോടൊപ്പം കിടക്കുമ്പോൾ "അങ്ങു ദൂരെ അറബിനാട്ടിൽ കിടന്നുറങ്ങുമ്പോൾ പലപ്പോഴും അമ്മ അടുത്തുള്ളപോലെ തോന്നാറുണ്ട്" എന്നും നാരായണൻ പറയുന്നുണ്ട്. ഇനി മടങ്ങിപ്പോകേണ്ട എന്ന ഭാര്യയുടെ വാക്കുകൾക്ക് "കയ്യുമ്മല് പറ്റിയ ചക്കമൊളഞ്ഞീന്റെ അവസ്ഥയാണ് പേർഷ്യക്കാരന്റെ ജീവിതം. എത്ര തെറിപ്പിച്ചാലും പോകില്ല" എന്ന നാരായണന്റെ മറുപടിയിൽ മടക്കയാത്രയുടെ അനിവാര്യതയെ കാണാൻകഴിയും

തന്റെ ഇല്ലായ്മകൾക്കുള്ളിലും സഹായഹസ്തം നീട്ടാൻ നാരായണൻ ശ്രമിക്കുന്നുണ്ട്. വിസതട്ടിപ്പിൽപ്പെട്ട് പണംനഷ്ടപ്പെട്ട് ജോലിയില്ലാതെ ബോംബെയിൽ അലയുന്ന മജീദ്, സ്വന്തം കുഞ്ഞിന് പാവക്കുട്ടിയെ കൊടുത്തയക്കുമ്പോൾ ഇത് ദുബായിൽനിന്ന് കൊടുത്തയക്കുന്നതാണെന്ന് പറയണം എന്ന് പറഞ്ഞു കൊടുത്തയയ്ക്കുന്നുണ്ട്. അയാൾക്ക് നാരായണൻ പണംനൽകുമ്പോൾ അയാൾ പേര് ചോദിച്ചു. എന്തിനാണ് പേരറിയുന്നത് എന്ന നാരായണന്റെ ചോദ്യത്തിന് "ചെറുപ്പത്തിൽ മദ്രസയിൽവച്ച് പടച്ചോന്റെ പല പേരുകളും പഠിച്ചിട്ടുണ്ട്. അതിൽ നിങ്ങളുടെ പേരുണ്ടോ എന്നറിയാനാണ്" എന്നയാൾ പറയുന്നുണ്ട്. ഈശ്വരചൈതന്യത്തിന്റെ, അവതാരപ്പിറവികളുടെ ഒരു നൂതനതലം സിനിമ ഇവിടെ പറയാതെ പറഞ്ഞുവയ്ക്കുന്നുണ്ട്. നാരായണൻ മജീദിൽ കാണുന്നത് അയാളെത്തന്നെയാണ്. "നമ്മൾ അധ്വാനിക്കുന്നത് നമ്മളെ സ്നേഹിക്കുന്നവർക്കുവേണ്ടിയാകുമ്പോൾ അതിന്റെ ഒരു ക്ഷീണം അറിയില്ല. ഇവിടെനിന്ന് അയച്ചു കൊടുക്കുന്ന പൈസകൊണ്ട് ഒരുകാര്യം നടന്നു എന്ന് അറിയുമ്പോൾ ഒരു സന്തോഷം" ഇതാണ് ഒരു യഥാർത്ഥ പ്രവാസിയെ നിലനിർത്തിക്കൊണ്ടുപോകുന്നത്. കുടുംബത്തിന്റ സന്തോഷങ്ങളെല്ലാം തന്നെ ദൂരെനിന്നു കാണുവാൻ മാത്രം വിധിക്കപ്പെട്ടവരാണ് പ്രവാസികൾ. വിശേഷാവസരങ്ങളിലെല്ലാംതന്നെ കുടുംബത്തിലെ ആഘോഷങ്ങൾക്കായുള്ള പണം സ്വരുക്കൂട്ടുന്നതിന്റെ തത്രപ്പാടിലാകും ഓരോ പ്രവാസിയും. അതുകൊണ്ടാണ് ഞങ്ങളെപ്പോലുള്ളവർക്കൊക്കെ കുടുംബത്തിന്റെ സന്തോഷമൊക്കെ ദൂരെനിന്ന് മാത്രം നോക്കികാണാനുള്ള യോഗമേ ഉള്ളൂ എന്ന് നാരായണൻ പറയുന്നത്. "മനസ്സിനെ നാട്ടിൽ വച്ചിട്ട് ശരീരം മാത്രം ഇങ്ങട് പോന്നു. എന്താ ജോലി എന്നോ എത്രയോ ശമ്പളം എന്നോ ആരോടും ഇതുവരെ പറഞ്ഞിട്ടില്ല. നാണക്കേടായിട്ടല്ല, സ്വന്തം കഷ്ടപ്പാട് കുടുംബത്തെ അറിയിക്കേണ്ട എന്നു കരുതിയിട്ടാണ്" എന്ന നാരായണന്റെ പറച്ചിലിൽ സ്വന്തം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും താൻ മാത്രം അറിഞ്ഞാൽ മതി എന്ന ഒരു നിർബന്ധബുദ്ധിയും പ്രവർത്തിക്കുന്നുണ്ട് എന്നുകാണാം. അതുപോലെ "10000 രൂപ നാട്ടിലേക്ക് അയക്കുമ്പോൾ വീട്ടുകാർ ചിന്തിക്കുന്നത് ഇരുപതിനായിരം രൂപ കിട്ടിയപ്പോൾ പതിനായിരം രൂപ സൂക്ഷിച്ച് ബാക്കി 10000 രൂപ നാട്ടിലേക്ക് അയച്ചു എന്നാണ്. യഥാർത്ഥത്തിൽ 7000 രൂപ ശമ്പളവും 3000 രൂപ കടവും വാങ്ങിയാണ് 10000 രൂപ വീട്ടിലേക്ക് അയക്കുന്നത്". എന്നിട്ടും തിരിച്ചുകിട്ടും എന്ന് കരുതി ആർക്കും ഒരു സഹായവും ചെയ്തിട്ടില്ല. തിരിച്ചുകിട്ടും എന്ന് കരുതി കൊടുക്കുന്നത് സ്നേഹമല്ല കടമാണ്". ആ കടം കൊടുക്കലിന് സ്നേഹത്തിന്റെ മാധുര്യം പകർന്നുതരാൻ കഴിയാത്തതുകൊണ്ടാകണം ഒരു തരത്തിലുള്ള കണക്കുകളും സൂക്ഷിക്കാത്തവനായി പ്രവാസി മാറിയത്. ഒടുവിൽ താൻ സ്നേഹിക്കുന്ന മക്കൾപോലും തന്നെ വേണ്ടത്ര പരിഗണിക്കുന്നില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കുമ്പോഴും നിസ്സഹായതയോടെ അതിനെ അംഗീകരിക്കാനാണ് നാരായണൻ ശ്രമിക്കുന്നത്. നാരായണന്റെ ഫോൺ എടുക്കാൻ താല്പര്യപ്പെടാത്ത മകൻ അമ്മയോട് പറയുന്നുണ്ട് "അച്ഛനായിരിക്കും, അച്ഛന് നാട്ടിലെ വിവരങ്ങൾ എല്ലാം അറിയണം. സംസാരം തുടങ്ങിയാൽ നിർത്തില്ല". മക്കളെ തിരക്കുന്ന നാരായണനോട് അവർ ഉറങ്ങിയെന്ന് ഭാര്യ കള്ളംപറയുന്നുമുണ്ട്. മാത്രമല്ല, അവരുടെ ഭക്ഷണരീതിയിലെ ആഡംബരത്തെ പ്രതീകവൽക്കരിക്കാൻകൂടി ഈ സാഹചര്യത്തെ സിനിമ വിദഗ്ധ മായി പ്രയോഗവൽക്കരിക്കുന്നുണ്ട്.

സഹോദരിയുടെ മകളുടെ വിവാഹദിവസം ഫോണിൽ വിളിക്കുന്ന നാരായണന് മറുതലയ്ക്കൽ ആരും ഇല്ലെന്നത് ആദ്യം വിഷമിപ്പിക്കുന്നുണ്ടെങ്കിലും പിന്നീട് അവിടത്തെ തിരക്കുകളിലും ബഹളങ്ങളിലും തന്റെ ശബ്ദത്തെ അയാൾ തെരയുകയാണ്. അല്പം വേദനയോടെ അവിടത്തെ സംസാരങ്ങളെ ശ്രവിച്ച് ആത്മനിർവൃതിയടയുന്നുമുണ്ട്. കുടുബകാര്യങ്ങളും സഹോദരങ്ങളുടെ കാര്യങ്ങളും നിവർത്തിച്ച് ഒടുവിൽ നഷ്ടങ്ങളുടെ കണക്കുപുസ്തകവുമായി സ്വന്തം വീട്ടിൽനിന്നും പടിയിറങ്ങേണ്ടിവരുന്ന അവസ്ഥയിൽ തന്റെ അധ്വാനത്തിന്റെ ഫലമായ വീട്ടിൽ ഒരു വാടകക്കാരനാകേണ്ട അവസ്ഥയും നാരായണന്

 ISSN No: 3049-0316


ഉണ്ടാകുന്നു. എല്ലാവർക്കും കണക്കുകൾ ഉണ്ടായിരുന്നു, നാരായണനൊഴികെ. ജീവിതത്തിൽ വഴിത്തിരിവായ ലാഞ്ച് വേലായുധൻ ഇപ്പോൾ മാനസികനില തെറ്റി നടക്കുകയാണ് എങ്കിലും അയാൾ ചില സത്യങ്ങൾ വിളിച്ചുപറയുന്നുണ്ട്. "ഒരുത്തൻ മാത്രം അധ്വാനിക്കുക മറ്റുള്ളവർ അതിന്റെ പങ്കുപറ്റി ജീവിക്കുക. ഇതിവിടെയല്ലാതെ ലോകത്തെവിടെ നടക്കും? ഇനി നിങ്ങൾ വന്നില്ലെങ്കിലും നിങ്ങളുടെ മണിയോർഡർ വന്നില്ലെങ്കിലാണ് അവർക്ക് സങ്കടം. ഓട്ടവന്ന കുടയെപ്പോലെ വീടിന്റെ ഏതെങ്കിലുമൊരു മൂലയിൽ. അതുതന്നെയാണ് നിന്റെയൊക്കെ അവസാനം. അല്ലാതെ നിന്നോടൊക്കെ ആർക്കാണ് ഇത്ര താല്പര്യം?". നാരായണന് ഒന്നിനും ഉത്തരമുണ്ടായിരുന്നില്ല. ജീവിച്ചുതീർക്കുന്ന ജീവിതത്തിന്റെ പരിസമാപ്തി വാക്കുകൾകൊണ്ട് മുൻപേ പറഞ്ഞു വയ്ക്കുകയാണ് തിരക്കഥാകൃത്ത്. അച്ഛന്റെ ജീവിതം പരാജയമാണെന്ന മകന്റെ നിലപാട് പുതിയ വീട്ടിൽ നാരായണന്റെ ചലനമറ്റ ശരീരത്തെ കയറ്റുകയെന്ന മൊയ്തീനിന്റെയും വല്ല്യച്ഛന്റെയും തീരുമാനത്തെപ്പോലും വിലക്കാൻ പോന്നതരത്തിലുള്ളതായിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും താൻ അത്രമേൽ സംതൃപ്തനാണെന്ന് ഈ ലോകത്തോട് വിളിച്ചുപറയുവാൻ നാരായണനാകുന്നുണ്ട്. "പ്രാഥമികവിദ്യാഭ്യാസം മാത്രം കൈമുതലാക്കിയ മലയാളികൾ. സാങ്കേതികജ്ഞാനം കുറവായതുകൊണ്ടു താഴ്ന്ന ജോലികളാണ് അവർക്ക് ലഭിച്ചത്. അറേബ്യയിലെ തലഉയർത്തി നിൽക്കുന്ന ഭൂരിഭാഗം കെട്ടിടങ്ങളും മലയാളികൾ അടങ്ങുന്ന പ്രവാസികളുടെ വിയർപ്പിൽ നിന്നായിരുന്നു. ഉണ്ടാക്കിയ പണം അവർ കേരളത്തിലേക്ക് അയച്ചുകൊണ്ടിരുന്നു അവിടെ അറേബ്യയും ഇവിടെ കേരളവും സമ്പന്നമാവുകയും വികസിച്ചുകൊണ്ടിരിക്കുകയും ചെയ്തു" (ഡോ. സുലൈമാൻ അഴിക്കോട് 2021 (അറബി സഞ്ചാരികളും കേരളവും) കേരളവും അറബികളും pp23-27). പ്രവാസികളുടെ വരുമാനംകൊണ്ട് കേരളവും കേരളീയരുടെ അധ്വാനംകൊണ്ട് മറുനാടുകളും വളർന്നതിന്റെ ചരിത്രം പറയുമ്പോൾ ഉരുത്തിരിഞ്ഞു വരുന്നത് ദേശവളർച്ചയുടെ വ്യത്യസ്ത വിതാനങ്ങളാണ്.

മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളെത്തേടിയാണ് ഓരോ മലയാളിയും അന്യനാടുകളിലേയ്ക്ക് പലായനംചെയ്യുന്നത്. ഓരോ മടക്കത്തിലും ഇനിയൊരു തിരിച്ചുപോക്കില്ല എന്ന് ചിന്തിക്കുമ്പോഴും ജീവിതാവസ്ഥകൾ പിന്നെയും അവിടേയ്ക്കുതന്നെ വഴിതിരിച്ചു വിടുന്നു. ജീവിതസങ്കീർണ്ണതകളിൽനിന്നുള്ള രക്ഷാമാർഗ്ഗം എന്ന നിലയിലാണ് പ്രവാസത്തെ വിലയിരുത്തുന്നത്. പക്ഷേ, സ്വന്തം നേട്ടങ്ങൾ അറിയുവാനും അനുഭവിക്കാനും വിധിയില്ലാതെ ജീവിതകാലം മുഴുവൻ ദുരിതങ്ങളെപ്പേറി ജീവിച്ചുതീർക്കുന്നരാണ് പ്രവാസികൾ. ഇത്തരത്തിൽ ജീവിച്ചുമരിച്ച പള്ളിക്കൽ നാരായണൻ എന്ന കഥാപാത്രത്തിന്റെ ജീവിതാവിഷ്കാരത്തിലൂടെ പത്തേമാരിയെന്ന സിനിമ പ്രവാസജീവിതത്തിന്റെ നേർപ്പകർപ്പായി മാറുന്നു.

## ഗ്രന്ഥസൂചി

മധു ടി . ഡോ, (2018),പ്രവാസം കേരളത്തിന്റെ ചരിത്ര ജീവിതം, മെസ്സാക് ഇന്റർനാഷണൽ കോൺഫ്രൻസ്
സലിം അഹമ്മദ്,2015, പത്തേമാരി
സുലൈമാൻ അഴിക്കോട് ഡോ, 2021 (അറബി സഞ്ചാരികളും കേരളവും) കേരളവും അറബികളും
https://www.pravasishabdam.com/malayalam-film-pathemari-review/
https://www.doolnews.com/pathemari-film-review-by-sooraj-kr-369-html
https://www.sirajlive.com/exile-a-cultural-history.html?s
https://doolenews.com/najeeb-moodadi-opinion-on-pravasi-life-filmed-inmalayalam-132.html